**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5515**

**18.11.2019-ൽ മറുപടിക്ക്**

**വെള്ളയിൽ പോലിസ് രജിസ്റ്റർ ചെയ്ത 65/2019 നമ്പർ കേസിന്റെ അന്വേഷണം**

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | വെള്ളയിൽ പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 65/2019 കേസിന്റെ അന്വേഷണം ഏത് ഘട്ടം വരെയായെന്ന് വിശദമാക്കാമോ; | (എ) | വെള്ളയിൽ പോലീസ് സ്റ്റേഷൻ ക്രൈം നം. 65/2019 u/s 465,469,471 IPC ആയി രജിസ്റ്റർ ചെയ്ത കേസ് കോഴിക്കോട് സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണർ അന്വേഷണം നടത്തി വരുന്നു. കേസിന്റെ FIR കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. ടി കേസുമായി ബന്ധപ്പെട്ട്, സ്വീഷർ മഹസ്സർ പ്രകാരം നിയമാനുസൃതം ബന്ധവസ്സിലെടുത്ത എല്ലാ രേഖകളും കോടതി മുൻപാകെ ഹാജരാക്കിയിട്ടുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി കേസുമായി ബന്ധപ്പെട്ട പലരുടെയും മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും കുറ്റം തെളിയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ലാത്തതുമാണ്. കേസിന് ആസ്പദമായ പത്രസമ്മേളനം നടന്നത് കോഴിക്കോട് ലീഗ് ഹൗസിൽ വച്ചാണ് എന്ന് വെളിവായതിനാൽ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ സംഭവ സ്ഥലം മഹസ്സർ തയ്യാറാക്കിയിട്ടുള്ളതാണ്. കൂടാതെ പത്രസമ്മേളനത്തിൽ പങ്കെടുത്ത മാധ്യമ പ്രവർത്തകരെ കണ്ടെത്തി ചോദ്യം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതാണ്. |
| (ബി) | പ്രസ്തുത കേസ് ജാമ്യം കിട്ടാവുന്നതാണോ; | (ബി) | എഫ്.ഐ.ആറിലെ വകുപ്പുകൾ പ്രകാരം പ്രതിക്ക് പോലീസിൽ നിന്ന് ജാമ്യം കിട്ടാവുന്നതാണ്. |
| (സി) | പ്രതി ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ നേതാവാണോ; പ്രതിയെ ചോദ്യം ചെയ്തിട്ടുണ്ടോ; | (സി) | പ്രതി യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറിയാണ്. പ്രതിയെ ചോദ്യം ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | അന്വേഷണം നീണ്ടുപോവുന്നതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ? | (ഡി) പത്ര സമ്മേളനത്തിൽ, പ്രതി വിതരണം ചെയ്ത രേഖകൾ കണ്ടെത്തുന്നതിനും, കേസിലേക്ക് ആവശ്യമായ തെളിവുകൾ ശേഖരിക്കുന്നതിനും പത്രസമ്മേളനത്തിൽ പങ്കെടുത്ത മാധ്യമ പ്രവർത്തകരെ കണ്ടെത്തി ചോദ്യം ചെയ്യുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ